# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1108 06.02.2020 ൽ മറുപടിക്ക്**

## പുനർനിർമ്മാണ പദ്ധതിയിലെ പൊതുമരാമത്ത് റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കേരള പുനർ നിർമ്മാണ പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; അംഗീകാരം ലഭിച്ച റോഡുകളുടെ പട്ടികയും തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) കേരള പുനർ നിർമ്മാണ പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ 819 കി.മീ വരുന്ന 31 റോഡുകളുടെ പുനർ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് നം.(കൈ) 25/2019/ആ.സാ.വ തീയതി 13.08.2019 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനുശേഷം മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള റോഡുകളുടെ പട്ടികയിൽ നിന്നും 12, 23 എന്നീ ക്രമനമ്പറുകൾ പ്രകാരമുള്ള റോഡുകൾ ഒഴിവാക്കി സർക്കാർ ഉത്തരവ് നം.(കൈ)35/2019/ആ.സാ.വ തീയതി 23.12.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച റോഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷമേ പുനർനിർമ്മാണത്തിനാവശ്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) ഈ പദ്ധതിയിലേക്കുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ തെരഞ്ഞെടുത്തത് ഏത് ഏജൻസിയാണ്; ഇതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചത്; പദ്ധതി സമർപ്പിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്ക് എന്തായിരുന്നു; | ബി) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ റോഡുകളുടെ പട്ടിക ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ നിർദ്ദേശാനുസരണം മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും, കെ.എസ്സ്.ടി.പി ചെന്നൈ |

ആസ്ഥാനമായ M/s L&T Infra Engineering Ltd. നെ ഏൽപ്പിക്കുകയും ചെയ്തു. മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി ലോകബാങ്ക്/ജർമ്മൻബാങ്ക്, L&T പ്രതിനിധികൾ, പൊതുമരാമത്ത് നിരത്തു വിഭാഗം, കെ.എസ്.ടി.പി എഞ്ചിനീയർമാരും ചേർന്ന് സാങ്കേതിക ഘടനകൾ നിശ്ചയിച്ചു. റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയത് താഴെ പറയുന്ന ഘടകങ്ങളും അവയ്ക്ക് നൽകിയിട്ടുള്ള പ്രാധാന്യത്തെയും അടിസ്ഥാനമാക്കിയാണ്.

| ക്രമ നം. | ഘടകങ്ങൾ | പ്രാധാന്യം |
|---|---|---|
| 1. | പ്രളയം മൂലം മുങ്ങിപ്പോയ റോഡുകൾ | 15% |
| 2. | മണ്ണിടിച്ചിലും മണ്ണൊലിപ്പും | 15% |
| 3. | പാരിസ്ഥിതിക സാമൂഹിക ആഘാതം | 10% |
| 4. | തന്ത്രപ്രധാന റോഡുകൾ | 10% |
| 5. | റൈറ്റ് ഓഫ് വേയുടെ ലഭ്യത | 10% |
| 6. | സാമ്പത്തിക ലഭ്യത | 10% |
| 7. | കലുങ്കുകളുടെ കോട്ടം | 10% |
| 8. | ജനവാസ മേഖല | 5% |
| 9. | റോഡുകളുടെ നീളം | 5% |
| 10. | വാഹന തിരക്ക് | 5% |
| 11. | പൊതുഗതാഗതം | 5% |

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ പ്രളയം നിമിത്തം തകർന്നതായി പൊതുമരാമത്ത് നിരത്തു വിഭാഗം വിലയിരുത്തിയതും സാമൂഹിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തുന്നതിനു തകുന്നതുമായ റോഡുകളുടെ പുനർ നിർമ്മാണമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പൊതുമരാമത്ത് നടപ്പിലാക്കുന്നത്.

സി) 2018ലെ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോയ സ്ഥലങ്ങളിൽ ഏറ്റവുമാദ്യം മുങ്ങിയ പ്രദേശമായിട്ടുകൂടി റാന്നിയിലെ ഒരു റോഡുപോലും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽ

സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ടി.പി മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രളയം നിമിത്തം തകർന്നതായി വിലയിരുത്തി പൊതുമരാമത്ത്

| | | | |
|---|---|---|---|
| | പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ; | | നിരത്തു വിഭാഗം തയ്യാറാക്കി കെ.എസ്.ടി.പിയ്ക്ക് കൈമാറിയ 62 റോഡുകളുടെ പട്ടികയിൽ നിന്നും ജർമ്മൻബാങ്കിന്റെ നിർദ്ദേശാനുസരണവും, മറ്റ് ഫണ്ടുകൾ ലഭ്യമായതുമായ റോഡുകൾ ഒഴിവാക്കുകയും, ബാക്കി വന്ന 57 റോഡുകളുടെ മുൻഗണനാ ക്രമം M/s L&T മുഖേന തയ്യാറാക്കുകയും ആയതിൽ പ്രഥമ പരിഗണനയർഹിക്കുന്ന 819 കി.മീ വരുന്ന 31 റോഡുകളാണ് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി പുനർ നിർമ്മാണത്തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| ഡി) | കേരള പുനർ നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ റാന്നിയിലെ റോഡുകൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി) | കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി റാന്നിയിലെ 35 കി.മീ വരുന്ന വയ്യാറ്റുപുഴ - പൊതിപ്പാട് റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| S.No | Road No. | District | Constituency | Road Name | Road Length | Total cost Mio. EUR | Final rank | Cluster no. | N | C | S |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 51 | Kannur | Peravoor | Edoor – Companynirath - Anapanthy - Angadikkadavu– Vaniyappara - Charal - Valavupara - Kacherikkadavu - Palathumkadav road | 24.45 | 15.89 | 10 | N | 24 | 0 | 0 |
| 2 | 52 | Kannur | Mattannur | Uruvachal Manakkayi valayal(including bridge parellel to aqueduct at valayal)- Keezhallur Therur Palayod-Vellaparamba Karimbala Colony Maruthaayi road | 20.43 | 13.28 | 28 | N | 20 | 0 | 0 |
| 3 | 55 | Kasaragod | Kasaragod, Manjeswaram | Kumbla- badiadka-Mulleria road | 29.55 | 19.21 | 15 | N | 30 | 0 | 0 |
| 4 | 49 | Kozhikode | Koyilandy, Balussery, Koduvally, Thiruvambady. | Koyilandy Thamrassery Mukkam Areekode Edavanna road.<br>1) km 0.00 to 25.00-Koyilandy to Poonoor.<br>2) km:25.00 to 37.500-Poonoor- Omassery<br>3) km 37.500 to 51.200 Omassery to Eranhimav | 52.50 | 34.13 | 22 | N | 53 | 0 | 0 |
| 5 | 45 | Malappuram | Perinthalmanna | Perumbilavu-Nilambur road | 24.40 | 15.86 | 30 | N | 24 | 0 | 0 |
| 6 | 46 | Malappuram | Ernad, Malappuram, Manjeri | Quilandy - Edavanna road | 32.50 | 21.13 | 11 | N | 33 | 0 | 0 |
| 7 | 41 | Palakkad | Malampuzha, Kongad & Ottappalam | Palakkad -Perinthalmanna road | 36.80 | 23.92 | 27 | N | 37 | 0 | 0 |
| 8 | 43 | Palakkad | Mannarkkad | Thavalam Mully road | 28.80 | 18.72 | 26 | N | 29 | 0 | 0 |
| 9 | 47 | Wayanad | Kalpetta | Vythiri-Tharuvana road | 20.75 | 13.49 | 14 | N | 21 | 0 | 0 |
| 10 | 48 | Wayanad | Mananthavady | Mananthavady - Vimalanagar - Kulathada - Valad HS - Periya road | 24.80 | 16.12 | 1 | N | 25 | 0 | 0 |
| 11 | 31 | Ernakulam | Angamaly | Mookannoor ezhattumugham road and Blachippara Palissery road | 20.30 | 13.20 | 20 | C | 0 | 20 | 0 |
| 12 | 32 | Ernakulam | Piravom | 1. Kanjiramattom road km.0.000 to 6.100<br>2Kanjiramattom Poothotta road km.0.000 to 1.980.<br>3. Poothotta Piravom Road km 0.000 to 2 800.<br>4. Arakunnam Amballoor Road km.0.000 to 5.030, 5. Arakunnam Ollipuram road km.0.000 to1.950<br>6. Poothotta Piravom road 2nd reach km 2.600 to 4.250<br>7. Erathadam -Cherukara road km.0.000 to 6.360 | 25 87 | 16.82 | 23 | C | 0 | 26 | 0 |
| 13 | 33 | Ernakulam | Muvattupuzha | Kakkadassery - Kaliyar road | 20.60 | 13.39 | 29 | C | 0 | 21 | 0 |
| 14 | 34 | Ernakulam | Muvattupuzha | Muvattupuzha - Theni SH road | 15.75 | 10.24 | 4 | C | 0 | 16 | 0 |
| 15 | 37 | Ernakulam | Piravom | Kumarakom Nedumbassery road (proposed SH) | 21.03 | 13.67 | 13 | C | 0 | 21 | 0 |
| 16 | 30 | Idukki | Thodupuzha | Neyyassery Thokkumbansaddle road | 28.50 | 18.53 | 7 | C | 0 | 29 | 0 |
| 17 | 57 | Idukki | Udumbanchola, Devikulam | Chemmannar Gap road (except km 10.650) | 20 | 13.00 | 21 | C | 0 | 20 | 0 |
| 18 | 42 | Palakkad | Nenmara | Nenmara - Nelliyampathy road | 30.71 | 19.96 | 8 | C | 0 | 31 | 0 |
| 19 | 38 | Thrissur | Kodungallur, Irinjalakuda, Nattika, Thrissur | Kodungallur- shornur SH road | 34.00 | 22.10 | 5 | C | 0 | 34 | 0 |
| 20 | 39 | Thrissur | Chelakkara | Vazhakkodu Plazhy road | 22.64 | 14.72 | 24 | C | 0 | 23 | 0 |
| 21 | 40 | Thrissur | Thrissur ,Wadakkanchery,M analur,Kunnamkula m,Ponnani&Thavan oor | Thrissur Kuttippuram road (SH 69) | 29 98 | 19.49 | 6 | C | 0 | 30 | 0 |
| 22 | 12 | Alappuzha | Haripad, Kayamkulam, Mavelikkara | Thrikkunnappuzha - Nangiarkulangara- Thattarambalam- Michel Junction- Kochalummoodu- Mangankuzhy - Pandalam road | 34.47 | 22.41 | 2 | S | 0 | 0 | 34 |
| 23 | 15 | Alappuzha | Kuttanad | Kuppappuram - Nedumudy - Karuvatta road | 24.45 | 15.90 | 3 | S | 0 | 0 | 24 |
| 24 | 16 | Alappuzha | Kuttanad | Harippad - Veeyapuram - Edathua - Puthukkary - Mampuzhakkary - Kidangara - Kunnamgari - Kumarangari - Valady - Mulakkamthuruthy road | 24.77 | 16.10 | 16 | S | 0 | 0 | 25 |
| 25 | 24 | Kottayam | Ettumanoor | Gandhinagar-Medical College-Babu Chazhikadan road-Kottayam- Parippu road-Athirampuzha Liessue-Kaippuzha-Mannanam- Pulikkuttissery-Parolickal- Muttappally road | 21.95 | 14.27 | 12 | S | 0 | 0 | 22 |
| 26 | 25 | Kottayam | Vaikom & Kaduthuruthy | Vadayar Chandappalam- Mulakkulam Road and Vadayar Kallattippalam Muttuchira road | 24.70 | 16.06 | 17 | S | 0 | 0 | 25 |
| 27 | 19 | Pathanamthitta | Aranmula | Pathanamthitta Ayroor – Muttukudukka Illathupadi – Muttukudukka Prakkanam – Prakkanam Elavumthitta - Kulanada Ramanchira – Thannikkuzhy Thonniamala road | 28.12 | 18.27 | 18 | S | 0 | 0 | 28 |
| 28 | 20 | Pathanamthitta | Thiruvalla | Mallapally, Komalam Paduthodu Kalloopara Chengaroor Komalam Kavungumprayar Pattakala, TMV road | 22 65 | 14.72 | 9 | S | 0 | 0 | 23 |
| 29 | 21 | Pathanamthitta | Adoor | Malamekkara Kunnathukala Chala Puthenchanda factory Junction Azad Junction road | 8.60 | 5.59 | 25 | S | 0 | 0 | 9 |
| 30 | 59 | Pathanamthitta | | Adoor-Chengannur road | 23.8 | 15.47 | 19 | S | 0 | 0 | 24 |
| 31 | 6 | Trivandrum | Nedumangad, Aruvikkara & Vamanapuram | Trivandrum Ponmudi road<br>(From Nedumangad to Ponmudi) | 41.00 | 26.65 | 31 | S | 0 | 0 | 41 |
| | | | | | | | | TOTAL KM | 295 | 269 | 255 |